I നഹാസ് മാള

# ചെലവഴിക്കലിന്റെ ആത്മീയത

عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ قَالَ: قَالَ رَسُولُ اللهِ ﷺ مَنْ آتَاهُ اللهُ مَالاً فَلَمْ يُؤَدِّ زَكَاتَهُ مُثِّلَ لَهُ مَالُهُ يَوْمَ الْقِيَامَةِ شُجَاعًا أَقْرَعَ ،لَهُ زَبِيبَتَانِ يُطَوَّقُهُ يَوْمَ الْقِيَامَةِ ثُمَّ يَأْخُذُ بِلِهْزِمَتَيْهِ يَعْنِي بِشِدْقَيْهِ ثُمَّ يَقُولُ أَنَا مَالُكَ أَنَا كَنْزُكَ ثُمَّ، تَلا (لا يَحْسَبَنَّ الَّذِينَ يَبْخَلُونَ)الآية

**അബൂഹുറയ്റയിൽ നിന്ന് നിവേദനം. പ്രവാചകൻ(സ) പറഞ്ഞു: "ഒരുവന് അല്ലാഹു സമ്പത്ത് നൽകി. അതിന്റെ സകാത്ത് അവൻ നൽകിയതുമില്ല. എങ്കിൽ അന്ത്യനാളിൽ അവന്റെ ധനം ഭീകരസർപ്പമായി മാറ്റപ്പെടും. അതിന് രണ്ട് തേറ്റകളുണ്ടായിരിക്കും. അന്ത്യനാളിൽ ആഭരണം പോലെ ആ സർപ്പം അവന്റെ കഴുത്തിൽ ചുറ്റും. അവന്റെ ഇരു കവിൾ തടങ്ങളിലും കടിച്ചുകൊണ്ട് അത് പറയും: ഞാൻ നിന്റെ ധനമാണ്, നിന്റെ നിധിയാണ്. തുടർന്ന് പ്രവാചകൻ 'അല്ലാഹു തന്റെ അനുഗ്രഹമായി നൽകിയ സമ്പത്തിൽ പിശുക്ക് കാണിക്കുന്നവർ തങ്ങൾക്കത് ഗുണകരമാണെന്ന് ഒരിക്കലും കരുതരുത്' എന്ന ആയത്ത് ഓതി"**(ബുഖാരി).

**ബാധ്യതകൾ** അവശേഷിപ്പിച്ച ധനം അന്ത്യനാളിൽ മനുഷ്യന് തീരാദുഃഖം സമ്മാനിക്കുന്നതിന്റെ ചിത്രീകരണമാണ് മേൽഹദീസ്. അല്ലാഹു നൽകിയ ധനത്തിന്മേൽ അവകാശം സ്ഥാപിച്ചവൻ നിന്ദ്യനായി മാറുന്നതിന്റെ നേർക്കാഴ്ച്ച കൂടിയാണിത്. സമ്പത്തിനെ ഏറ്റവും വലിയ അനുഗ്രഹങ്ങളിലൊന്നായി അവതരിപ്പിച്ച ഇസ്‌ലാം ദൈവത്തിന്റെ പരീക്ഷണോപാധിയായും അതിനെ ചൂണ്ടിക്കാട്ടി. ധനത്തിൽ ക്രയവിക്രയാധികാരം നൽകിയതോടൊപ്പം ബാധ്യതാനിർവഹണത്തെക്കുറിച്ചും വിശ്വാസിയെ തെര്യപ്പെടുത്തി. മറ്റേത് വശത്തേക്കാളും ഗൗരവമായ ചുമതലാബോധം സാമ്പത്തിക മേഖലയിൽ പ്രവാചകൻ നിഷ്കർഷിച്ചു.

നമസ്കാരത്തോടൊപ്പം ചേർത്ത് പറഞ്ഞ അതിപ്രധാനമായ ഇബാദത്താണല്ലോ സകാത്ത്. എങ്കിൽകൂടി ഇക്കാര്യത്തിലുണ്ടാകേണ്ട ജാഗ്രത ഇന്ന് സമൂഹത്തിൽ ആ അളവിലില്ല. നമസ്കാരവും സകാത്തും എന്നതിന് പകരം നമസ്കാരവും നോമ്പുമായി ഇസ്‌ലാം കാര്യങ്ങളുടെ ക്രമനമ്പറുകൾ മാറിമറിഞ്ഞതെങ്ങനെ? മുപ്പത് സ്ഥലങ്ങളിൽ സകാത്തിനെക്കുറിച്ച പരാമർശം നടത്തിയ ഖുർആൻ ഇരുപത്തേഴിടത്തും നമസ്കാരത്തോടൊപ്പമാണല്ലോ അത് പ്രതിപാദിച്ചത്. ദൈവം നിശ്ചയിച്ച ആരാധനാ കർമങ്ങളിൽ ഏറ്റവും സൂക്ഷ്മത കാണിക്കേണ്ടതും സകാത്തിന്റെ കാര്യത്തിൽ തന്നെയാണ്. നമസ്കാരവും നോമ്പും ഹജ്ജ്-ഉംറയുമെല്ലാം അനുഷ്ഠിക്കുന്നവനും അല്ലാഹുവും നേരിട്ട് ബന്ധപ്പെടുന്നവയാണ്. എന്നാൽ സകാത്ത്, സഹജീവികളുടെയും സമസൃഷ്ടികളുടെയും ഐശ്വര്യപൂർത്തീകരണത്തിനായി അല്ലാഹു നിശ്ചയിച്ചതാണ്. നമസ്കാരാദികാര്യങ്ങളിലെ വീഴ്ചകൾ തൗബകൊണ്ട് പൊറുക്കപ്പെടാമെങ്കിലും സമ്പത്തിന്റെ ബാധ്യതയായ സകാത്ത് നിർവഹിക്കാത്തിടത്തോളം കാലം തൗബ ചെയ്യാൻ പോലും അർഹതയില്ലാതായിത്തീരുന്നു.

പ്രമുഖ സ്വഹാബി ഇബ്നുമസ്ഊദിന്റെ വാക്കുകളിലേക്ക് നോക്കുക: "സകാത്ത് നൽകാത്തവന്റെ നമസ്കാരം സ്വീകരിക്കപ്പെടുകയില്ല."

എത്രമാത്രം ഗൗരവകരമായ പ്രസ്താവന! ഇതേ ഗൗരവത്തോടെയാണ് പ്രവാചകൻ അവരെ പറഞ്ഞറിയിച്ചതും.രാത്രിയും പകലുമായി നിന്നും ഇരുന്നും കിടന്നും നിർവഹിക്കുന്ന ആരാധനാ കർമങ്ങളെല്ലാം ദൈവത്തിലെത്താതെ വഴിയിൽ തങ്ങിക്കിടക്കുന്നു. തഹജ്ജുദും ഖിയാമുല്ലൈലുമെല്ലാം നമസ്കാരപ്പായയിൽ തന്നെ സ്വീകരിക്കപ്പെടാതെ അവശേഷിക്കുന്നു.

സമ്പത്തിന്റെ ആധിക്യത്താൽ ഒരു വിഭാഗം മേനിനടിക്കുമ്പോൾ ദാരിദ്ര്യത്തിന്റെ പടുകുഴിയിൽ അനേകായിരങ്ങൾ വീണുകിടക്കുന്നു. അല്ലാഹു നൽകിയ ധനത്തിൽ ഇക്കൂട്ടർക്ക് അർഹമായ അവകാശം വകവെച്ച് കൊടുക്കാൻ ഓരോ സമ്പന്നനും തയാറാകണം എന്നാണ് ഇസ്‌ലാമിന്റെ കൽപന. അവ തങ്ങളുടെ ഔദാര്യമല്ല. പാവപ്പെട്ടവരുടെ അവകാശമത്രെ.

സ്വദഖ ഒരു ധനത്തെയും കുറക്കുകയില്ലെന്ന് പ്രവാചകൻ പഠിപ്പിച്ചു. തന്റെ സ്വത്തുവഹകൾക്കും ബാലൻസ്തുകക്കും ആഭരണങ്ങൾക്കും സകാത്ത് കൊടുത്താൽ അവയിൽ അഭിവൃദ്ധിയും പുരോഗതിയുമല്ലാതെ ഒന്നും സംഭവിക്കില്ലെന്ന് ഓരോരുത്തരും മനസ്സിലാക്കുക.

സംവാദങ്ങളും ചർച്ചകളും നിരന്തരം നടക്കുന്ന ഈ സമുദായത്തിൽ സകാത്തിനായി അധികമൊന്നും വേദികൾ സംഘടിപ്പിക്കപ്പെട്ട് കാണാറില്ല. നമസ്കാരം, നോമ്പ്, മാസപ്പിറവി വിഷയങ്ങളിൽ സംശയദൂരീകരണങ്ങൾ നടക്കാറുണ്ടെങ്കിലും അധികം പേരും പ്രദേശത്തെ ഇമാമിനെ സമീപിച്ച് സകാത്തിനെ സംബന്ധിച്ച് സംശയങ്ങൾ ചോദിക്കാറില്ല. സൗകര്യപൂർവം എല്ലാവരും വിസ്മരിച്ചിരിക്കുന്നു ഈ ദീനീ സ്തംഭത്തെ.

സകാത്തിന്റെ പ്രബോധനവശം കൂടി നാം കണക്കിലെടുക്കുക. സകാത്ത് കാര്യക്ഷമമായി നമുക്ക് നിർവഹിക്കാൻ കഴിഞ്ഞാൽ, ദാരിദ്രനിർമാർജനമെന്ന അതിന്റെ പ്രഖ്യാപിത ലക്ഷ്യത്തിലേക്ക് നീങ്ങാൻ സാധിച്ചാൽ അത് സൃഷ്ടിക്കുന്ന വിപ്ലവം ചെറുതല്ലാത്തതാണ്. ജനമനസുകളിൽ ഇസ്‌ലാമിനെ കുടിയിരുത്താൻ ഇതിലും നല്ല ഉപാധിയും വേറെയില്ല. ■